

വിനീതച്ചനാകുന്ന ഈ സ്നേഹസാന്നിധ്യത്തെ നാം പ്രാർത്ഥനയോടെ യാത്രയാക്കുമ്പോൾ, നമുക്ക് അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാം ഒപ്പം നമ്മുടെ പ്രാർത്ഥനകൾ അദ്ദേഹം വഴി ദൈവ തിരുമുമ്പിൽ സമർപ്പിക്കാം. ജീവിതമാതൃകകൊണ്ടും അറിവുകൊണ്ടും പഠനംകൊണ്ടും രാപകലില്ലാത്ത അദ്ധ്വാനം കൊണ്ടും സി.എം.ഐ. സഭയെ വളർത്തിയ ഈ വന്ദ്യ ഗുരുവിനോടുള്ള സി.എം.ഐ. സഭയുടെ നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് കൃതജ്ഞതയുടെ ഈ ബലി ഒന്ന് ചേർന്ന് നമുക്കർപ്പിക്കാം.



## Paul Thekkiniyath CMI, Councillor

From the Introduction to the Funeral Ceremony
(Bharathamatha, Palakkad, 1 June 2021)

### കർമ്മലീത്താ യോഗീവര്യനായ വിനീതച്ചൻ...

ഉത്തമനായ ആചാര്യൻ, വിശ്വസ്തനായ ഭൃത്യൻ, ജ്ഞാനത്തിൻെറ നിറവ്, നിലപാടുകളുടെ അപ്പസ്തോലൻ, തത്വങ്ങൾക്ക് ജീവനും ഊർജ്ജസ്വലതയും പകർന്നവൻ, സ്വദേശത്തിലേയും വിദേശത്തിലേയും പ്രസിദ്ധനായ പണ്ഡിതൻ, ഭാരതീയ ദർശനങ്ങളുടെയും വിചിന്തനങ്ങളുടെയൂം ഉടലും ആത്മാവും, ആഗോള കത്തോലിക്കാ സഭയുടെ തുടിപ്പും എടുപ്പും, ചാരുതയും ചടുലതയും കൊണ്ട് ജീവിതത്തെ ആസ്വദിച്ച്, ആസ്വാദനമാക്കിയ, ഈശോയുടെ തിരുഹൃദയത്തിനനുയോജ്യമായി സഹവർത്തികളോടും സഹജീവികളോടും കരുതലോടും കരുണയോടും കൂടി വർത്തിച്ച സ്നേഹരൂപനായിരുന്നു, ദാനധർമ്മിയായിരുന്ന വിനീതനായ വിനീതച്ചൻ.

86 വർഷത്തെ പുണ്യജീവിതം, സുകൃതജീവിതം, പറന്നുയർന്നു... ആവലാതികളോ, വേവലാതികളോ ഇല്ലാതെ, മനസ്സാ–വാചാ–കർമ്മണാ ദൈവഹിതം മാത്രം അന്വേഷിച്ചു നടന്ന ഒരു സാർത്ഥകൻെറ വിരാമം... ഭാരതീയ ദർശനത്തിൽ സന്യാസ ജീവിതത്തിൻെറ ഉദാത്ത മാതൃക... സാന്നിധ്യം കൊണ്ടും ജ്ഞാനംകൊണ്ടും നമ്മെയൊക്കെ ഉണർത്തി ഉണർവേകി, ഉന്നതിയിലേക്ക് ഉയർത്തിയ, നമ്മുടെ വിനീതച്ചൻ, ഉയിർപ്പിൻെറ മഹത്വം നുകരാൻ, ഉടയോനെ ഉറ്റുനോക്കുവാൻ ഉറ്റമിത്രമായ് ഇഷ്ടതോഴനായ ദൈവപിതാവിനരികേ...

ജീവിതമാകുന്ന യാഗവേദിയിൽ, സ്വയം പൂജാവസ്തുവായ്, കനലായ്, ജ്വാലയായ് കത്തിജ്വലിച്ച കർമ്മലയിലെ ഒരു കർമ്മലീത്ത യോഗീവര്യനായിരുന്നു വിനീതച്ചൻ.